ज्ञानादेव तु कैवल्यम्

श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## വിജ്ഞാപനം

**നം.എ.സി.ഡി.സി2/6991/എസ്.എസ്.യു.എസ്/2020** **തീയതി :** 16.07.2020

വിഷയം:- ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ബി.എ, ബി.എഫ്.എ/ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം 2020-വിജ്ഞാപനം - സംബന്ധിച്ച്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രങ്ങളിലും 2020-21 അദ്ധ്യയന വർഷത്തിലേക്ക് വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കും ഡിപ്ലോമ പ്രോഗ്രാമിലേയ്ക്കും യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ബിരുദ പ്രോഗ്രാമുകളായ സംസ്കൃതം - സാഹിത്യം, സംസ്കൃതം - വേദാന്തം, സംസ്കൃതം - വ്യാകരണം, സംസ്കൃതം - ന്യായം, സംസ്കൃതം - ജനറൽ, സാൻസ്ക്രീറ്റ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, സംഗീതം (വായ്പാട്ട്), ഡാൻസ് (ഭരതനാട്യം, മോഹിനിയാട്ടം) പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നീ ബിരുദ വിഷയങ്ങളും ഡിപ്ലോമ പ്രോഗ്രാമായ ആയുർവേദ പഞ്ചകർമ്മയും അന്താരാഷ്ട്ര സ്പാ തെറാപ്പിയും ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലായിരിക്കും നടത്തപ്പെടുക.

മുഖ്യ കേന്ദ്രമായ കാലടിയിൽ സംസ്കൃത വിഷയങ്ങൾ കൂടാതെ സംഗീതം, നൃത്തം എന്നീ കലാ വിഭാഗങ്ങൾ മുഖ്യ വിഷയമായി ത്രിവത്സര ബി.എ ബിരുദ പ്രോഗ്രാമുകളിലേക്കും പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ വിഷയങ്ങളിൽ നാല് വർഷത്തെ ബി.എഫ്.എ ബിരുദ പ്രോഗ്രാമുകളിലേക്കും പ്രവേശനം നൽകുന്നു. സർവകലാശാലയുടെ തിരുവനന്തപുരം (സംസ്കൃതം സാഹിത്യം, ന്യായം, വേദാന്തം, വ്യാകരണം), പന്മന (സംസ്കൃതം വേദാന്തം), ഏറ്റുമാനൂർ (സംസ്കൃതം സാഹിത്യം), തുറവൂർ (സംസ്കൃതം സാഹിത്യം), കൊയിലാണ്ടി (സംസ്കൃതം സാഹിത്യം, വേദാന്തം, ജനറൽ), തിരൂർ (സംസ്കൃതം വ്യാകരണം), പയ്യന്നൂർ (സംസ്കൃതം വ്യാകരണം, വേദാന്തം, സാഹിത്യം) എന്നീ പ്രാദേശിക കേന്ദ്രങ്ങളിൽ വിവിധ സംസ്കൃത വിഷയങ്ങളിലാണ് പ്രവേശനം നൽകുന്നത്. യു.ജി.സി നിർദ്ദേശ പ്രകാരം തയ്യാറാക്കിയ ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (ഒ.ബി.ടി.എൽ.ഇ സ്കീം) പ്രകാരമാണ് ബിരുദ പാഠ്യപദ്ധതികൾ തയ്യാറാക്കിയിരിക്കുന്നത്. സംസ്കൃത വിഷയങ്ങളിൽ ബിരുദ പഠനത്തിന് പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രതിമാസം 500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

നൃത്തം (മോഹിനിയാട്ടം, ഭരതനാട്യം) സംഗീതം, പെയിന്റിംഗ്, മ്യൂറൽ പെയിന്റിംഗ്, സ്കൾപ്ചർ എന്നിവ മുഖ്യവിഷയമായ പ്രോഗ്രാമുകൾക്ക് അഭിരുചി നിർണ്ണയ പരീക്ഷയുടെ കൂടി അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നൽകുന്നത്. ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനുള്ള പ്രായം 2020 ജൂൺ 1-ന് 22 വയസ്സിൽ കൂടുതൽ ആകരുത്.

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം നടത്തുന്ന 2020 – 21 അദ്ധ്യയനവർഷത്തിൽ ഒരു വർഷത്തെ ഡിപ്ലോമ പ്രോഗ്രാമായ ആയുർവേദ പഞ്ചകർമ്മ അന്താരാഷ്ട്ര സ്പാ തെറാപ്പി കോഴ്സിലേക്കും യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൂടാതെ ശാരീരിക ക്ഷമതയുടെയും ഇന്റർവ്യൂവിന്റെയും മാനദണ്ഡത്തിലുള്ള മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം അനുവദിക്കുന്നത്. ഡിപ്ലോമ പ്രോഗ്രാമുകളിലേക്കുള്ള സീറ്റിന്റെ എണ്ണം 20. പ്രായം വിജ്ഞാപന തീയതിക്കനുസൃതമായി 17 നും 30 നും ഇടയിലായിരിക്കണം.

പ്ലസ് ടു/വൊക്കേഷണൽ ഹയർ സെക്കന്ററി അഥവാ തത്തുല്യ അംഗീകൃത യോഗ്യതയുള്ളവർക്ക് (രണ്ട് വർഷം) മേൽ പറഞ്ഞ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. ബിരുദയോഗ്യതയുള്ളവർക്ക് ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്.

താല്പര്യമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാല വെബ്സൈറ്റിൽ www.ssus.ac.in/www.ssusonline.org വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ

അപേക്ഷയുടെ പ്രിന്റ് കോപ്പിയും നിർദ്ദിഷ്ട യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും (SSLC, PLUS 2) സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ 50/- രൂപ അടച്ച ചലാനം (എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് 10/- രൂപ), ഡിപ്ലോമ കോഴ്സുകൾക്ക് 300/- രൂപ അടച്ച ചലാനം (എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് 100/-രൂപ) ഉൾപ്പെടെ അതതു കേന്ദ്രങ്ങളിലെ വകുപ്പ് അദ്ധ്യക്ഷൻമാർക്ക്/ ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. പ്രൊസ്പെക്ടസും/ബാങ്ക് ചലാനം www.ssus.ac.in/ www.ssusonline.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കേണ്ട അവസാന തീയതി 03.08.2020. ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് കോപ്പിയും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ലഭിക്കേണ്ട അവസാന തീയതി 07.08.2020.

പ്രോഗ്രാം സംബന്ധിച്ച വിശദവിവരങ്ങൾ പ്രൊസ്പെക്ടസിലും സർവ്വകലാശാല വെബ്സൈറ്റ് www.ssus.ac.in/www.ssusonline.org യിലും ലഭ്യമാണ്. പ്രോഗ്രാമിന്റെ ഉള്ളടക്കത്തിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സർവ്വകലാശാലയ്ക്കുണ്ടായിരിക്കുന്നതാണ്.

ഡോ. ഗോപാലകൃഷ്ണൻ എം. ബി
രജിസ്ട്രാർ